SOB NSDTVM

"ഭരണഭാഷ — മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി - സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ഭരണം -സി) വകുപ്പ്**

**സ.ഉ. (അച്ചടി) നം.132/2022/ധന** **തീയതി, തിരുവനന്തപുരം 29-10-2022**

പരാമർശം:- 1. കേന്ദ്ര ധനകാര്യ, (സാമ്പത്തിക കാര്യ) മന്ത്രാലയത്തിന്റെ 09.09.2016- ലെ എഫ് നം.01/04/2015-എൻ.എസ് നമ്പർ കത്ത് .

2. 28.09.2016 ലെ സ.ഉ (സാധാ) നം.7833/2016/ധന നമ്പർ സർക്കാർ ഉത്തരവ്.
3. 21.07.2017 ലെ സ.ഉ. (അച്ചടി) നം. 93/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
4. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടറുടെ 29/07/2022 ലെ 3613 /ദേ.സ.പ. 259/2022 /ധന അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

സഞ്ചയികാ സമ്പാദ്യ പദ്ധതി 01/10/2016 പ്രാബല്യത്തോടെ നിർത്തിവയ്ക്കുന്നതായി പരാമർശം 1 പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ സാമ്പത്തികകാര്യ വിഭാഗം സംസ്ഥാന സർക്കാരിനെ അറിയിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് സഞ്ചയികാ സമ്പാദ്യ പദ്ധതി നടപ്പാക്കിക്കൊണ്ടിരുന്ന അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ സഞ്ചയികാ സമ്പാദ്യ പദ്ധതി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പുനരാരംഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്ക് പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ടി സ്കീം കൂടുതൽ ആകർഷണീയവും, പങ്കാളിത്തം ഉറപ്പവരുത്തുന്നതിനുമായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പരാമർശം (4) പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംബന്ധിച്ച പൊതു മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം പുതുക്കി ഉത്തരവാക്കുന്നു.

1. വിദ്യാർത്ഥികളുടെ സമ്പാദ്യ പദ്ധതി (സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം) ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവി, രണ്ട് രക്ഷാകർത്താക്കൾ, രണ്ട് അദ്ധ്യാപകർ, രണ്ട് വിദ്യാർത്ഥികൾ എന്നിവർ അടങ്ങുന്ന ഒരു ട്രസ്റ്റ് രൂപീകരിക്കേണ്ടതാണ്.
2. ട്രസ്റ്റ് യോഗം കൂടി വിദ്യാർത്ഥി സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ട്രസ്റ്റിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, രണ്ട് വിദ്യാർത്ഥികൾ എന്നിവർ അംഗങ്ങളായി ട്രഷറിയിൽ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം അല്ലെങ്കിൽ വിദ്യാർത്ഥികളുടെ സമ്പാദ്യ പദ്ധതി എന്ന പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.
3. ഒന്നാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് പദ്ധതിയിൽ അംഗമാകാവുന്നതാണ്. അക്കൗണ്ട് തുറക്കുന്നത് സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി പരിമിതപ്പെടുത്താവുന്നതാണ്.
4. വിദ്യാർത്ഥികളുടെ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും അക്കൗണ്ട് നമ്പരും ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് മുഖേന ലഭ്യമാക്കുന്ന പാസ് ബുക്കും ബന്ധപ്പെട്ട സ്ഥാപനം നൽകേണ്ടതാണ്.

5. വിദ്യാർത്ഥികൾ നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്യുന്ന തുകകൾ പാസ് ബുക്കിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ടീച്ചർ ഒപ്പ് വയ്ക്കേണ്ടതാണ്.
6. വിദ്യാർത്ഥികൾ പദ്ധതി വഴി നിക്ഷേപിക്കുന്ന തുകയും പിൻവലിക്കുന്ന തുകയും ദൈനംദിന സ്കോളിൽ രേഖപ്പെടുത്തി ബാക്കി തുക 5 ദിവസത്തിനകം (തുക 5000 രൂപയിൽ അധികരിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം) തന്നെ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.
7. ഓരോ വിദ്യാർത്ഥിയും നിക്ഷേപിക്കുന്ന തുകയുടെ വിവരങ്ങൾ വിദ്യാർത്ഥിയ്ക്കായി നീക്കിവയ്ക്കുന്ന പേജിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, ക്ലാസ്, ഡിവിഷൻ, സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം അക്കൗണ്ട് നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, വിദ്യാർത്ഥികൾ പിൻവലിക്കുന്ന തുകയുടെ വിവരങ്ങളും ലെഡ്ജറിൽ രേഖപ്പെടുത്തേണ്ടതാണ്.
8. ഓരോ വിദ്യാർത്ഥിയ്ക്കും അവരുടെ നിക്ഷേപത്തിന് നിലവിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിരക്കനുസരിച്ച് വാർഷിക പലിശ നൽകേണ്ടതാണ്.
9. നിക്ഷേപത്തിന്റെ 80% വരെ ഒരു വർഷത്തിൽ കുറയാത്ത സ്ഥിര നിക്ഷേപമായി മാറ്റാവുന്നതാണ്.
10. സ്ഥിര നിക്ഷേപത്തിൽ നിന്നും കിട്ടുന്ന അധിക പലിശയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന പലിശകിഴിച്ചുള്ള തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കോ സ്കൂൾ സേവിംഗ്സ് സ്കീം പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കോ (ഏറ്റവും കൂടുതൽ തുക നിക്ഷേപിക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം, വിദ്യാർത്ഥി സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുവാനും പ്രവർത്തിക്കുവാനുള്ള ഫർണിച്ചർ എന്നിവ വാങ്ങുന്നതിന്) ഉപയോഗിക്കാവുന്നതാണ് . ഇപ്രകാരം സ്ഥിര നിക്ഷേപത്തിലൂടെ ലഭ്യമാക്കുന്ന അധിക വരുമാനത്തിന്റെ മൂന്നിലൊന്ന് (പ്രതിവർഷം 20,000/- രൂപയിൽ കൂടാത്ത നിലയിൽ) അതാത് സ്കൂളിൽ സ്കീമിന്റെ നടത്തിപ്പിന്റെ ഉത്തരവാദിത്തം ഏല്പിക്കപ്പെടുന്ന ഉദ്യോഗസ്ഥന്/അധ്യാപകന് ഇൻസെന്റീവായി നൽകേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തേയും കണക്കുകൾ പ്രഥമാധ്യാപകൻ/പ്രിൻസിപ്പൽ ഒത്തു നോക്കി ബോധ്യപ്പെട്ട ശേഷം മാത്രമേ ഇൻസെന്റീവ് നൽകാൻ പാടുള്ളൂ.
11. വിദ്യാർത്ഥികൾ രേഖാമൂലം ആവശ്യപ്പെടുമ്പോഴോ, സ്കൂളിൽ നിന്നും വിടുതൽ ചെയ്യുമ്പോഴോ അവരുടെ പേരിലുള്ള അക്കൗണ്ട് നിർബന്ധമായും ക്ലോസ് ചെയ്ത് നൽകേണ്ടതാണ്.
12. ടി അക്കൗണ്ടുകൾ പരിശോധിക്കാൻ വിദ്യാഭ്യാസ വകുപ്പിലെ ആഡിറ്റ് അധികാരികൾ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, ധനകാര്യ പരിശോധന വിഭാഗം എന്നിവർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വിജയശ്രീ എം.എസ്.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II) കേരള, തിരുവനന്തപുരം
സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, ഡയറക്ടറേറ്റ് ഒഫ് ജനറൽ എഡ്യൂക്കേഷൻ .
ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനതപുരം
ട്രഷറി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ട്രഷറീസ്, തിരുവനന്തപുരം
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
നോഡൽ ഓഫീസർ , www.finance.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഇ ഫയൽ നം.2207283)

ഉത്തരവിൻ പ്രകാരം

Biney

സെക്ഷൻ ഓഫീസർ